# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5610      06/07/2012-ൽ മറുപടിക്ക്

## ആദിവാസി മേഖലയിലെ ലൈംഗിക ചൂഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>" ബാബു എം. പാലിശ്ശേരി<br>" കെ. വി. വിജയദാസ്<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗ വിഭാഗത്തിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | പട്ടികവർഗ്ഗ വിഭാഗത്തിൽ അവിവാഹിതരായ അമ്മമാർ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ; | ബി | അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ ഒരു വിവര ശേഖരണം 2011 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി അമ്മമാരുടെയും, കുട്ടികളുടെയും സമഗ്രമായ പുനരധിവാസത്തിനായി 2011-12 വർഷം മുതൽ ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കി വരികയുമാണ്. |
| സി | ആദിവാസി മേഖലയിലെ ലൈംഗിക ചൂഷണം തടയാൻ നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ ? | സി | പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം 1989 പ്രകാരമുള്ള നിയമനടപടികളും ബോധവൽക്കരണ പരിപാടികളും ധനസഹായ വിതരണവും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ചൂഷണങ്ങൾ തടയുന്നതിന് വേണ്ടി ആദിവാസി മേഖലകളിൽ പുറത്ത് നിന്നുള്ളവരുടെ ആശാസ്യമല്ലാത്ത കടന്നുകയറ്റം തടയുന്നതിനും മദ്യം, മയക്കമരുന്നുപയോഗം എന്നിവ ഈ മേഖലകളിൽ കുറയ്ക്കുന്നതിന് മറ്റ് സർക്കാർ വകുപ്പ്/ ഏജൻസികളുടെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികൾ ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യാറുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസത്തിന്റേയും പൊതു അവബോധത്തിന്റെയും കുറവ് പരിഹരിച്ചാൽ മാത്രമെ ടി ചൂഷണങ്ങളിൽ നിന്നും പൂർണ്ണമായി മുക്തരാകാൻ അവർക്ക് കഴിയുകയുള്ളു. അതിനായി വിദ്യാഭ്യാസ പ്രവർത്തനങ്ങളും പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**